# കേരളസർവകലാശാല

നം.പി.ആർ.175/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2020
### ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരള സർവകലാശാലയുടെ 2020-21 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) സെപ്റ്റംബർ 17-ന് വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം ലഭ്യമാകുന്ന വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ട താണ്.

മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. ഒന്ന്, രണ്ട് ഘട്ടം അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതി. തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ സെപ്റ്റംബർ 17 വൈകിട്ട് 5 മണി വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### കേരള സർവകലാശാല ബി.എ മ്യൂസിക്
### ഒന്നാം വർഷ ബിരുദ പ്രവേശനം 2020

ഒന്നാം വർഷ ബി.എ. മ്യൂസിക്ക് പ്രവേശനത്തിനുള്ള അഭിരുചി പരീക്ഷകൾ നീറമൺകര എൻ.എസ്.എസ്. കോളേജിൽ 14.09.2020 മുതൽ 17.09.2020 വരെയും, കൊല്ലം എസ്. എൻ. വനിതാ കോളേജിൽ 18.09.2020 മുതൽ 24.09.2020 വരെയും, തിരുവനന്തപുരം വഴുതയ്ക്കാട് ഗവൺമെന്റ് വനിതാ കോളേജിൽ 25.09.2020 മുതൽ 30.09.2020 വരെയും നടത്തുന്നതാണ്. 03.10.2020-ന് റാങ്ക് പട്ടിക

അതത് കോളേജുകളിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിനെ സമീപിക്കണം. സർവകലാശാലയിലേക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ടൈംടേബിൾ

എട്ടാം സെമസ്റ്റർ ബി.ഡെസ്സ് (B.Des) പരീക്ഷകൾ സെപ്റ്റംബർ 28 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഹിന്ദി പരീക്ഷയുടെ വൈവാ വോസി സെപ്റ്റംബർ 17 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ലോക്ഡൗൺ കാരണം മാറ്റിവച്ച അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം – സപ്ലിമെന്ററി, പാർട്ട് ടൈം, ഫൈനൽ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ പുനഃക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 സെപ്റ്റംബറിൽ ആരംഭിക്കുന്ന എ.പി.ജി.ഡി.ഇ.സി പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

2020 ഒക്ടോബർ 28 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് സെപ്റ്റംബർ 14 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പിഴകൂടാതെ സെപ്റ്റംബർ 24 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 29 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 1 വരെയും അപേക്ഷിക്കാവുന്നതാണ്.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് (2010 & 2011 അഡ്മിഷൻ – മേഴ്സിചാൻസ്, 2012 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 22 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ (സി.എസ്.എസ് – 2018 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 26 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് (റെഗുലർ, സപ്ലിമെന്ററി ആന്റ് മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർവകലാശാല ക്യാഷ് കൗണ്ടറിൽ ഫീസടയ്ക്കാം

കേരള സർവകലാശാലയുടെ പരീക്ഷാഫീസ് ഒഴിച്ചുള്ളവ, ഓൺലൈൻ വഴി ഒടുക്കുവാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സെനറ്റ് ഹൗസ് കാമ്പസിലുള്ള ക്യാഷ് കൗണ്ടറിൽ രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ നേരിട്ട് ഫീസ് ഒടുക്കുവാനുള്ള സൗകര്യമുണ്ട്.

## വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലിലേക്കുമുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും കേരള സർവകലാശാല യൂണിയൻ (2019–20) ഭാരവാഹികളുടേയും തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വോട്ടർപട്ടികകൾ സെപ്റ്റംബർ 11 ന് കേരള സർവകലാശാല ഓഫീസിലും, സർവകലാശാല വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുത്തൽ/കൂട്ടിച്ചേർക്കലുകൾക്കായി സെപ്റ്റംബർ 15 രാവിലെ 9 മണി വരെ അപേക്ഷിക്കാവുന്നതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
11.09.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098